**S 3018**

# SSLC EXAMINATION, MARCH - 2026

## SOCIAL SCIENCE

(Malayalam)

Time : 2½ Hours　　　　Total Score : 80

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ **15** മിനിറ്റ് സമാശ്വാസ സമയം ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുവാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിനു മുമ്പ് ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം വായിക്കുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ചില ചോദ്യങ്ങൾക്ക് ചോയ്സുകൾ നൽകിയിട്ടുണ്ട്. അവയിൽ നിന്നും ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.
- ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിനുള്ള ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള ലോക ഭൂപട രൂപരേഖ ഉപയോഗിക്കുക.

Score

**1 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** 8x1=8

1. ചേരുംപടി ചേർക്കുക

| I | II |
|---|---|
| (A) ഐസക് ന്യൂട്ടൺ | (i) പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം |
| (B) ഗലീലിയോ ഗലീലി | (ii) ഗുരുത്വാകർഷണ സിദ്ധാന്തം |
| (C) മാർട്ടിൻ ലൂഥർ | (iii) സൊസൈറ്റി ഓഫ് ജീസസ് |
| (D) ഇഗ്നേഷ്യസ് ലൊയോള | (iv) ദൂരദർശിനി |

(a) (A)-(iv), (B)-(iii), (C)-(ii), (D)-(i)

(b) (A)-(ii), (B)-(iv), (C)-(i), (D)-(iii)

(c) (A)-(i), (B)-(iii), (C)-(ii), (D)-(iv)

(d) (A)-(i), (B)-(ii), (C)-(iii), (D)-(iv)

Score

2. ചുവടെ നൽകിയിട്ടുള്ള പ്രസ്താവനകൾ വായിച്ച് ശരിയായത് കണ്ടെത്തുക.

**പ്രസ്താവന (1) :** ഇന്ത്യയിലെ സാമ്പത്തിക ആസൂത്രണത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്ന് വളർച്ച ആയിരുന്നു.

**പ്രസ്താവന (2) :** സാമ്പത്തിക പ്രവർത്തനത്തിൽ വിദേശ ആശ്രയത്വം പരമാവധി കുറയ്ക്കുക എന്നതാണ് വളർച്ച കൊണ്ട് അർത്ഥമാക്കുന്നത്.

(a) **പ്രസ്താവന (1)** ശരിയും **പ്രസ്താവന (2)** തെറ്റുമാണ്.
(b) **പ്രസ്താവന (1)** തെറ്റും **പ്രസ്താവന (2)** ശരിയുമാണ്.
(c) രണ്ട് പ്രസ്താവനകളും ശരിയാണ്.
(d) രണ്ട് പ്രസ്താവനകളും തെറ്റാണ്.

3. മർദ്ദമേഖലകളും അവയോട് അനുബന്ധിച്ചുള്ള സ്ഥിരവാതങ്ങളുമാണ് ചുവടെ തന്നിട്ടുള്ളത്. അവ ചേരുംപടി ചേർക്കുക.

| | |
|---|---|
| (A) ഉപോഷ്ണ ഉച്ചമർദ്ദ മേഖലയിൽ നിന്നും മധ്യരേഖാ ന്യൂനമർദ്ദ മേഖലയിലേക്ക് | (i) പശ്ചിമവാതങ്ങൾ |
| (B) ഉപോഷ്ണ ഉച്ചമർദ്ദ മേഖലയിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദ മേഖലയിലേക്ക് | (ii) ധ്രുവീയ വാതങ്ങൾ |
| (C) ധ്രുവീയ ഉച്ചമർദ്ദ മേഖലയിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദ മേഖലയിലേക്ക് | (iii) വാണിജ്യ വാതങ്ങൾ |

(a) (A)-(iii), (B)-(i), (C)-(ii)
(b) (A)-(ii), (B)-(iii), (C)-(i)
(c) (A)-(i), (B)-(ii), (C)-(iii)
(d) (A)-(i), (B)-(iii), (C)-(ii)

4. ചുവടെ നൽകിയിട്ടുള്ളവയിൽ മണ്ഡൽ കമ്മീഷനുമായി ബന്ധമില്ലാത്തത് ഏത് ?

(a) പിന്നോക്ക വിഭാഗങ്ങൾക്ക് 27% സംവരണം നിർദ്ദേശിച്ചു.
(b) ഒ.ബി.സി. വിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയെ കുറിച്ച് പഠിക്കുന്നതിനായി നിയമിക്കപ്പെട്ടു.
(c) ബി.പി. മണ്ഡൽ അധ്യക്ഷൻ.
(d) ഇത് കാക്ക കലേൽക്കർ കമ്മീഷൻ എന്നും അറിയപ്പെടുന്നു.

5. ചുവടെ നൽകിയിട്ടുള്ള പ്രസ്താവനകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനവുമായി ബന്ധമില്ലാത്തത് ഏത് ?

(a) ജവഹർലാൽ നെഹ്റു ആധ്യക്ഷം വഹിച്ചു
(b) 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മുദ്രാവാക്യം മഹാത്മാഗാന്ധി നൽകി
(c) കോൺഗ്രസ് പൂർണമായ സ്വാതന്ത്ര്യം ആവശ്യപ്പെട്ടു
(d) ഒരു ബഹുജന സമരം ആരംഭിക്കാൻ മഹാത്മാഗാന്ധിയെ ചുമതലപ്പെടുത്തി

Score

6. എന്താണ് ബെലുകാർ ?

(a) കൃഷിക്ക് ശേഷം ഉപേക്ഷിക്കപ്പെടുന്ന പ്രദേശങ്ങളിൽ രൂപപ്പെടുന്ന ദ്വിതീയ വനങ്ങൾ

(b) ആഫ്രിക്കയിലെ കോംഗോ തടത്തിൽ കാണപ്പെടുന്ന തദ്ദേശീയർ

(c) വനങ്ങൾ വെട്ടിച്ചുട്ടതിനു ശേഷമുള്ള സ്ഥാനമാറ്റ കൃഷി

(d) ആമസോൺ തടത്തിലെ ഇന്ത്യൻ ഗോത്രവിഭാഗക്കാർ

7. ചുവടെ നൽകിയിട്ടുള്ളവയെ കാലഗണനാ ക്രമത്തിലാക്കുക.

(A) പഞ്ചശീലതത്വങ്ങൾ ഒപ്പുവച്ചു

(B) ആര്യഭട്ടയുടെ വിക്ഷേപണം

(C) ആന്ധ്ര സംസ്ഥാനത്തിന്റെ രൂപീകരണം

(D) കേരള സംസ്ഥാനത്തിന്റെ രൂപീകരണം

(a) (A), (D), (C), (B) (b) (C), (A), (D), (B)

(c) (C), (B), (A), (D) (d) (B), (C), (D), (A)

8. ചുവടെ നൽകിയിട്ടുള്ളവയിൽ ഇരുമ്പിന്റെ അയിര് അല്ലാത്തത് ഏത് ?

(a) ഹേമറ്റൈറ്റ് (b) മാഗ്നറ്റൈറ്റ് (c) ലിമോണൈറ്റ് (d) ബോക്സൈറ്റ്

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിലധികമോ വാചകങ്ങളിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** 7x2=14

9. ഏത് ആശയധാരയിൽ നിന്നാണ് ദ്രാവിഡ പ്രസ്ഥാനം രൂപം കൊണ്ടത് ? ദ്രാവിഡ പ്രസ്ഥാനത്തിന്റെ ലക്ഷ്യമെന്ത് ?

10. ഭൂകമ്പത്തിന്റെ അധികേന്ദ്രവും പ്രഭവകേന്ദ്രവും തമ്മിലുള്ള വ്യത്യാസമെഴുതുക.

11. കോളനികളിൽ രാഷ്ട്രീയ നിയന്ത്രണം സ്ഥാപിക്കുവാൻ യൂറോപ്യൻ രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ വ്യക്തമാക്കുക.

12. ടൈഗെ മേഖലയുടെ വടക്കായി സ്ഥിതി ചെയ്യുന്ന കാലാവസ്ഥാ മേഖലയുടെ പേരെഴുതുക. ഇവിടെ അനുഭവപ്പെടുന്ന ധ്രുവരാത്രിയുടെ സവിശേഷതയെന്ത് ?

13. *'വയറു നിറച്ച് ആഹാരം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണ്.'* തന്നിരിക്കുന്ന പ്രസ്താവന സാമാന്യബോധജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

14. ക്യാബിനറ്റ് മിഷന്റെ നിർദ്ദേശങ്ങൾ പട്ടികപ്പെടുത്തുക.

15. ചുവടെ നൽകിയിട്ടുള്ളവയുടെ കാരണങ്ങൾ എഴുതുക.

(a) ഉഷ്ണമേഖലയിലെ വൻകരയുടെ പടിഞ്ഞാറ് ഭാഗങ്ങളിലാണ് ഉഷ്ണമരുഭൂമികൾ പൊതുവെ സ്ഥിതി ചെയ്യുന്നത്.

(b) മൺസൂൺ കാലാവസ്ഥാ മേഖലയിൽ ദൈനിക താപാന്തരം തീരപ്രദേശങ്ങളിൽ കുറവും ഉൾപ്രദേശങ്ങളിൽ കൂടുതലുമായിരിക്കും.

Score

**16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിലധികമോ വാചകങ്ങളിൽ ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** 8x3=24

16. (A) ഇന്ത്യയിലെ ജാതി വ്യവസ്ഥയിൽ നിലനിന്ന തൊഴിൽ വിഭജനം സാമൂഹിക ചലനാത്മകത തീരെയില്ലാത്ത ഒരു സമൂഹത്തെ നിലനിർത്തിയിരുന്നു. പ്രസ്താവന സാധൂകരിക്കുക.

**അല്ലെങ്കിൽ**

(B) ഇന്ത്യയിലെ വിവിധ മതങ്ങൾ സാമൂഹിക നിയന്ത്രണത്തിന്റെ ഉപാധിയായി പ്രവർത്തിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

17. ഒന്നാം ലോകയുദ്ധാനന്തരം ജർമനിയിൽ ഉദയം ചെയ്ത സമഗ്രാധിപത്യം വിശകലനം ചെയ്യുക.

18. (A) 2005 - ൽ ഇന്ത്യയിൽ വിവരാവകാശ നിയമം നിലവിൽ വരാനിടയായ സാഹചര്യം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) സംസ്ഥാന ഗവർണറെ നിയമിക്കുന്നതാര് ? ഗവർണറുടെ വിവേചനാധികാരങ്ങൾ എഴുതുക.

19. ഒരു താപ വൈദ്യുതനിലയം വൈദ്യുതി ഉൽപാദനത്തിനായി വലിയ തോതിൽ കൽക്കരി ഉപയോഗിക്കുകയും അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുകയും ചെയ്തു. പരിസ്ഥിതി സൗഹൃദമായ ഏതെങ്കിലും മൂന്നു ബദൽ വൈദ്യുതി ഉൽപാദന മാർഗങ്ങൾ നിർദ്ദേശിക്കുക. അവ ഓരോന്നിന്റെയും സവിശേഷതകൾ വ്യക്തമാക്കുക.

20. നൽകിയിരിക്കുന്ന വാർത്താതലക്കെട്ട് വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

| |
|---|
| **ഭാരതീയ റിസർവ് ബാങ്ക് കരുതൽ ധനാനുപാതം (CRR) 1 ശതമാനം കുറയ്ക്കാൻ തീരുമാനിച്ചു.** |

(a) കരുതൽ ധനാനുപാതം (CRR) എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

(b) ഈ തീരുമാനം പണലഭ്യതയിൽ വരുത്തുന്ന സ്വാധീനം വ്യക്തമാക്കുക.

21. ചമ്പാരൻ സമരത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

22. സാങ്കേതിക സൗകര്യങ്ങളുടെ ഫലമായി ബാങ്കിങ് മേഖലയിലുണ്ടായ വിവിധ പണമിടപാട് സംവിധാനങ്ങൾ വിശദമാക്കുക.

23. ലോക സമാധാനം സംരക്ഷിക്കുന്നതിൽ ഇന്ത്യൻ വിദേശനയം വഹിക്കുന്ന പങ്ക് വ്യക്തമാക്കുക.

Score

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിലധികമോ വാചകങ്ങളിൽ ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** 6x4=24

24. (A) ഫ്രാൻസിലെ മധ്യവർഗത്തിന്റെ ഉദയത്തിലേക്ക് നയിച്ച ഘടകങ്ങൾ വിശദമാക്കുക.

**അല്ലെങ്കിൽ**

(B) നെപ്പോളിയന്റെ പരിഷ്കാരങ്ങൾ ആധുനിക ഫ്രാൻസിന് അടിത്തറയിട്ടു. പ്രസ്താവന സാധൂകരിക്കുക.

25. (A) ഫലകാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഒരു നഗരത്തിൽ ശക്തമായ ഭൂകമ്പം അനുഭവപ്പെടുന്നു. ഏത് തരം ഭൂകമ്പമാണിത് ? ഇത്തരം ഭൂകമ്പങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണം വിശദീകരിക്കുക.

**അല്ലെങ്കിൽ**

(B) കുത്തനെയുള്ള ചരിവോടു കൂടിയ ഒരു മലയോര പ്രദേശത്ത് റോഡ് നിർമ്മിക്കേണ്ടത് അനിവാര്യമായിത്തീർന്നു. ഈ സാഹചര്യത്തിൽ ഭൂദ്രവ്യശോഷണത്തിനുള്ള സാധ്യത കണക്കിലെടുത്ത് നിങ്ങൾക്ക് എന്തെല്ലാം മുൻകരുതലുകൾ നിർദ്ദേശിക്കാം ?

26. (A) വിജ്ഞാന സമ്പദ്വ്യവസ്ഥ കാർഷിക മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങൾ ഉദാഹരണ സഹിതം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) മാനവ വികസന സൂചിക (HDI) തയ്യാറാക്കുന്നതാര് ? മാനവ വികസന സൂചിക (HDI) തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കുന്ന മൂന്ന് ഘടകങ്ങൾ എഴുതുക.

27. പൊതുജനാഭിപ്രായ രൂപീകരണത്തിന്റെ ആദ്യഘട്ടം കുടുംബങ്ങളിൽ നിന്നാണ് ആരംഭിക്കുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വ്യക്തമാക്കുക.

28. ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുക.

29. ചുവടെ നൽകിയിട്ടുള്ള ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് തന്നിട്ടുള്ള ലോക ഭൂപട രൂപരേഖയിൽ അടയാളപ്പെടുത്തുക.

(A) ഉയർന്ന അളവിൽ സൂര്യപ്രകാശവും ശക്തമായ മഴയും ലഭിക്കുന്ന കാലാവസ്ഥാ മേഖല

(B) ആഫ്രിക്കയിലെ ഏറ്റവും വലിയ ഉഷ്ണ മരുഭൂമി

(C) ഏഷ്യയിലെ മിതോഷ്ണ പുൽമേട്

(D) ഇന്ത്യ ഉൾപ്പെടുന്ന കാലാവസ്ഥാമേഖല

Score

**30, 31 എന്നീ ചോദ്യങ്ങൾക്ക് ഉത്തരം വിശദീകരിച്ച് എഴുതുക. 5 സ്കോർ വീതം.** 2x5=10

**30.** (A) വിവിധ പ്രാദേശിക ഭാഷകളിൽ നവോത്ഥാന സാഹിത്യത്തിന്റെ വികാസം വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(B) ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി സുഭാഷ് ചന്ദ്രബോസ് വേറിട്ടൊരു മാർഗം സ്വീകരിച്ചു. സമർത്ഥിക്കുക.

**31.** (A) കാറ്റിന്റെ വേഗതയേയും ശക്തിയേയും സ്വാധീനിക്കുന്ന ഘടകങ്ങൾ പരിഗണിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(a) കാറ്റിന്റെ വേഗതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ തിരിച്ചറിയുക.

(b) സമമർദ്ദ രേഖകളുടെ വിതരണം കാറ്റുകളുടെ വേഗതയെ സ്വാധീനിക്കുന്നത് എങ്ങനെ ?

(c) കരയെ അപേക്ഷിച്ച് കടലിൽ കാറ്റുകൾ ശക്തിയായി വീശുന്നു. എന്തുകൊണ്ട് ?

**അല്ലെങ്കിൽ**

(B) അപക്ഷയം എന്ന പദം നിർവചിക്കുക. ചുവടെ നൽകിയിട്ടുള്ളവ അപക്ഷയത്തിന് കാരണമാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക.

(a) താപം

(b) മരങ്ങളുടെ വേരുകൾ

-oOo-